ഉത്തരം

(എ-സി) ഉണ്ട്. പതിനൊന്നാം ധനകാര്യ കമ്മീഷന്റെ ശുപാർശയനുസരിച്ച് കെട്ടിക്കിടക്കുന്ന കേസ്സുകൾ തീർപ്പാക്കുന്നതിന് 27 ഫാസ്റ്റ് ട്രാക്ക് കോടതികൾ സംസ്ഥാനത്ത് സ്ഥാപിക്കുകയുണ്ടായി. (വയനാട്ടിൽ ഒന്നും മറ്റ് ജില്ലകളിൽ രണ്ട് വീതവും). ഈ കോടതികളിൽ തീർപ്പാക്കുന്ന കേസ്സുകളെ സംബന്ധിച്ച സ്ഥിതി വിവരക്കണക്കുകൾ കേന്ദ്രഗവൺമെന്റ് നിരീക്ഷിക്കുന്നുണ്ട്.

(ഡി) മാറാട് വർഗ്ഗീയ സംഘടനകളെ സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസ്സുകൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേക കോടതി സ്ഥാപിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

പുതുതായി ഫയർ സ്റ്റേഷനുകൾ ആരംഭിക്കുവാൻ നടപടി

79 (1548) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതുതായി ഫയർ സ്റ്റേഷനുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) കാസർഗോഡ് ജില്ലയിലെ വെസ്റ്റ് എളേരി, കണ്ണൂർ ജില്ലയിലെ പെരിങ്ങോം-വയക്കര പഞ്ചായത്തുകളിൽ ഫയർസ്റ്റേഷൻ ആരംഭിക്കുകയാണെങ്കിൽ ഇതിന് ആവശ്യമായ സ്ഥലവും താല്ക്കാലിക കെട്ടിടവും പഞ്ചായത്തുകൾ നൽകുന്നതാണെന്ന് അറിയിച്ചുകൊണ്ട് ലഭിച്ച നിവേദനങ്ങളിന്മേൽ എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശമുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ)&(ബി) സൗജന്യമായി സ്ഥലവും കെട്ടിടവും ലഭ്യമാക്കുന്ന പതിനാലു സ്ഥലങ്ങളിൽ (ഒരു ജില്ലയിൽ ഒന്നുവീതം) അടുത്ത മൂന്നുവർഷത്തിനുള്ളിൽ ഫയർ ആന്റ് റസ്കൂ സ്റ്റേഷനുകൾ അനുവദിക്കാനുള്ള മുൻഗണനാ ലിസ്റ്റ് തയ്യാറാക്കി സമർപ്പിക്കുവാൻ കമാന്റന്റ് ജനറലിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

മണ്ണാർക്കാട് ഫയർ സ്റ്റേഷൻ നിർമ്മാണം

80 (1549) ശ്രീ. കളത്തിൽ അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണ്ണാർക്കാട് ഫയർ സ്റ്റേഷൻ നിർമ്മാണം മുൻഗണനാ ലിസ്റ്റിലുണ്ടോ ;

(ബി) എങ്കിൽ ഇതിനുവേണ്ട ഭൂമി വിട്ടുതന്നാൽ ഫയർ സ്റ്റേഷൻ ഈ വർഷംതന്നെ പ്രവർത്തനം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ)&(ബി) സൗജന്യമായി സ്ഥലവും കെട്ടിടവും ലഭ്യമാകുന്ന പതിനാല് സ്ഥലങ്ങളിൽ (ഒരു ജില്ലയിൽ ഒന്നുവീതം) അടുത്ത 3 വർഷത്തിനുള്ളിൽ ഫയർസ്റ്റേഷനുകൾ അനുവദിക്കുവാനുള്ള മുൻഗണനാ ലിസ്റ്റ് തയ്യാറാക്കി സമർപ്പിക്കുവാൻ കമാന്റന്റ് ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly